


ക. നി. മൂ. സ.

ബ. അൽബർത്തോസച്ചൻ

(മുനയത്തു് ആലപ്പാട്ടു്)

1853-1922.

RKS
O
LORE
9
COLLEGE

ബ. ത്രേസ്യാ

അൽഫോൻസ് അച്ചൻ

1853-1922.



DHARMARAM COLLEGE LIBRARY
Acc. No 80835
Call No. K100/C625

ബ. അൽബത്തോസ് അച്ചൻ

ജനനം	1853 ജനുവരി	20
സഭാപ്രവേശനം	1869 ജനുവരി	10
ഗ്രന്ഥപ്പട്ടം	1878 ഏപ്രിൽ	6
നിത്യവാശത്തം	1881 ജൂലായി	16
ക്നനമ്മാവുമാരം കപ്പൊൻ	1888–1892	
ക്നനമ്മാവു ബങ്കളാവിൽ	1893 സെപ്തം. വരെ	
ഏൽത്തുരുത്തു് ആശ്രമം	1893 സെപ്തംബർ	
അമ്പഴക്കാട്ടു് ,,	1894 നവംബർ	
ഏൽത്തുരുത്തു് ,,	1897 ആഗസ്റ്റു്	
പാവർട്ടി ,,	1907 മാച്ചു്	22
മരണം. ടി. ആശ്രമത്തിൽവച്ചു്	1922 മെയു്	27

ക. നി. മു. സ.
പെ. ബ. ജനറാൽ അച്ചന്റെ
1956 ലെ 1871–ാം നമ്പു്
അനുമതിപ്രകാരം.

ബ. ത്രേസ്യാ അൽബത്തോസച്ചൻ

1853 - 1922.

ഒരു തൂലികാചിത്രം—നീണ്ടനിവർന്ന്, സാധാരണയിൽ കവിഞ്ഞു് ഉയരമുള്ള ആകാരവിശേഷം. അന്നു പ്രായം ഏതാണ്ടു് ഷഷ്ടിപൂർത്തിയോടു അടുത്തു കാണും. ശരീരം അലകുപോലെ ശോഷിച്ചു്, പ്രായത്താൽ അല്പം കുനിഞ്ഞതായി കാണപ്പെട്ടു. വിശാലമായ നെറ്റിത്തടം. "മാനവനൗകയെ നയിക്കുന്ന ചുക്കാൻ" എന്നു പറയപ്പെടുന്ന നാസിക, സാധാരണയിൽ അല്പം ഉയർന്നു, അല്പം കൂർച്ചുമായി അവസാനിച്ചു് മുഖാരവിന്ദത്തിന്റെ ആകർഷണീയത വളർത്തി. ദൃഢനിശ്ചയത്തെ പ്രദ്യോതിപ്പിക്കുന്ന നേർത്ത അധരപുടങ്ങൾ! നീണ്ടുവളഞ്ഞ പുരികക്കൊടികൾക്കു കീഴെ പ്രോജ്ജ്വലങ്ങളായി പ്രത്യക്ഷപ്പെട്ട നേത്രദ്വയങ്ങൾ. അവയിൽ ഗാംഭീര്യവും പ്രശാന്തതയും ഒത്തിണങ്ങി പ്രശോഭിച്ചു. നടപ്പു ഒരു മഹിമയോടുകൂടിയതും രോഷണം ക്രമീകൃതവുമായിരുന്നു. ഒരു സന്യാസവര്യനിൽ ലോകം പ്രതീക്ഷിക്കുന്ന സജീവരൂപമായിരുന്നു ബ. അൽബത്തോസച്ചനേറ്റതു്. പ്രസംഗാവസരത്തിൽ വിഷയത്തിന്റെ പ്രകൃതിക്കും മറ്റു സാഹചര്യങ്ങൾക്കും അനുസരിച്ചു് മുഖഭാവം മാറും, സ്വരം പതറുകയോ, ഉജ്ജ്വലമാകുകയോ ചെയ്യും, പ്രസംഗകന്റെ ജീവിതവും, പ്രസംഗത്തിന്റെ വിധവുമാണു്, അതിന്റെ പ്രൌഢിയോ വാഗ്ധോരണിയോ അല്ല ഇദ്ദേഹത്തെ അദ്വിതീയനായ ഒരു ധ്യാനപ്രസംഗകനാക്കിയതു്—അനേകം ആത്മാക്കളെ സ്നേഹനാഥനിലേയ്ക്കു ആകർഷിക്കുവാൻ ശക്തനാക്കിയതു്.

1922–മെയ് 27–ാം തീയതി ശനിയാഴ്ച, 69വയസ്സു നടക്കുകയിൽ ഈ ദൈവദാസൻ കത്താവിൽ ദീർഘനിദ്രപ്രാപിച്ചു. സ്ഥലമോ, ദീർഘകാലത്തെയ്ക്കു ഇദ്ദേഹത്തിന്റെ പ്രേഷിതരംഗമായിത്തീർന്നിരുന്ന പാവർട്ടി വി. തോമ്മാശ്ലീഹായുടെ ആശ്രമമായിരുന്നു. മരണസാഹചര്യങ്ങളിൽ അസാധാരണയായി ഒന്നുംതന്നെ സാധാരണക്കാർക്ക് ദർശിക്കുവാൻ കഴിയുകയില്ല. ദിവ്യരക്ഷകൻ നിജശിഷ്യരോട് അരുളിചെയ്തു: "നിങ്ങളും ഭൂമിയുടെ വെളിച്ചമാകുന്നു" എന്നു്. ഇദ്ദേഹം ഒരു ഒളിവിശേഷമായിരുന്നു. എന്നാൽ അതു പറയുകീഴെ കത്തിച്ചുവെച്ചതോ, മലമുകളിൽ കാന്തി പ്രചുരിമയോടെ പ്രോജ്ജ്വലിച്ചിരുന്നതോ ആയ ദീപ്തിപൂരമായിരുന്നില്ല. പ്രത്യുത അനേകം ആത്മാക്കളിൽനിന്നു് പാപത്തിന്റെയും അജ്ഞതയുടേയും അന്ധകാരം ദൂരികരിച്ചു്, ദൈവസ്നേഹാഗ്നി കത്തിച്ചിരുന്ന ഒരു മെഴുകുതിരിനാളം. ആ ചെറുമെഴുകുതിരി സ്നേഹസേവനത്തിൽ അങ്ങിനെ എരിഞ്ഞണഞ്ഞുവെന്നുമാത്രം. എന്നാൽ ഇതിൽപരം ദൈവതൃക്കണ്ണുകാംക്ഷിക്കുന്നതും പരിപൂർണ്ണമായതുമായ ഒരു ബലി എന്തുണ്ടു്? സ്വസഹോദരർക്കുവേണ്ടിയുള്ള നിരന്തരാജ്ഞാനത്തിൽ വ്യാപൃതനായി, ഈ വൈദികോത്തംസം തന്റെ ജീവരക്തത്തിൽ ഓരോ തുള്ളിയും വിയർപ്പു നീരാക്കി സ്നേഹനാഥന്റെ പാദങ്ങളിൽ അർപ്പിച്ചു. ജീവിതം തുടരുവാൻ നിവൃത്തിമില്ലാത്തവണ്ണം ക്ഷീണിച്ച മൃതിയടയുകയാണുണ്ടായതു്. ഇതല്ലയോ രക്തസംചിന്താത്ത രക്തസാക്ഷിത്വം?

ക്രിസ്താബ്ദം 1789 നവംബർ മാസത്തിൽ ടിപ്പു സുൽത്താൻ കൊച്ചിരാജ്യത്തു കടന്നു. ടി. ഡിസംബർ 14–ാംനു- തൃശ്ശിവപേരൂരെത്തിയെന്നു് ശ്രീമാൻ കെ. പി. പത്മനാഭപിള്ള ബി. എ. ബി. എൽ. രചിച്ചിട്ടുള്ള ചരിത്രത്തിൽ പ്രസ്താവിച്ചു കാണുന്നു. പ്രസ്തുത യുദ്ധകാലത്തു് ആമ്പക്കാട്ടു് സ്ഥിരതാമസക്കാരായിരുന്ന ആ

ലപ്പാട്ട് കുടുംബത്തിൽപ്പെട്ട കാക്കപ്പൻ എന്ന ഒരാൾ തന്റെ ഇളംകുടി മകൻ കാക്കപ്പനോട്ടുകൂടി തെക്കോട്ട തിരുവിതാംകൂറിലേയ്ക്കു് പോയി, അവിടെ സ്ഥിരതാമസമാക്കി. അവിടെ താമസിച്ചിരിക്കയിൽ അപ്പൻ ചരമഗതി പ്രാപിച്ചു. അപ്പന്റെ മരണശേഷം കാക്കപ്പൻ വടക്കൻ പ്രദേശത്തേക്കുതന്നെ മടങ്ങി കാട്ടർ തേക്കുംമൂല എന്ന സ്ഥലത്തുവന്നു് അവിടെ താമസമുറപ്പിച്ചു. കാലക്രമേണ കാക്കപ്പൻ തന്റെ ഒരു മകനോട്ടുകൂടി കരാഞ്ചിറവന്നു താമസിച്ചു. കാക്കപ്പൻ തന്റെ അപ്പന്റെ ആദ്യത്തെ വിവാഹത്തിലുണ്ടായിരുന്ന രണ്ടു ജ്യേഷ്ഠന്മാരെ ആമ്പക്കാട്ടുനിന്നു വരുത്തി കരാഞ്ചിറ *'മുനയം' എന്ന സ്ഥലത്തു താമസിപ്പിച്ചു. ഇവരാണു് മുനയത്തെ ആലപ്പാട്ടു വംശക്കാർ എന്നു വിളിച്ചുവരുന്ന ആലപ്പാട്ടു കുടുംബത്തിന്റെ വേറൊരുശാഖ. ഈ ശാഖയിൽപ്പെട്ടവരാണു് തൃശ്ശൂർ താമസിച്ചുവരുന്ന ഡോക്ടർ ഏ. പി. കുരിയപ്പനും, ഡോക്ടർ ഏ. പി. ഫ്രാൻസീസും, ഈശോസഭയിൽചേർന്നു പഠിച്ചു് ഗ്രന്ഥപ്പട്ടമേറ്റ ബ. ഔസേപ്പച്ചനും, മംഗലാപുരത്തു് ഈ ശോസഭൈക സെമിനാരിയിൽ തത്വശാസ്ത്രപഠനം കഴിച്ചു് പനിപിടിച്ചു് 23-12-1904-ൽ മരിച്ച ക. നി. മൂ. സ. മറിയത്തിന്റെ ബ. ഹെൻറി ശമ്മാശ്ശനും,(ജപ്പുവിലെ സിമറററി കപ്പേളയിൽ ഭൂമീദാനംചെയ്യപ്പെട്ട.) കുന്നമ്മാവുങ്കൽ ആദ്യമായിത്തുടങ്ങിയ കർമ്മെലീത്താ മഠത്തിൽചേർന്നു് പരിശീലനമെല്ലാം കഴിച്ചു് നിത്യവ്രതം ചെയ്തവരായ സഹോദരി റോസമ്മയും, (വൈന്തല മഠത്തിൽവെച്ചു് ചരമഗതി പ്രാപിച്ചു.) സഹോദരി ജെൽത്രൂദമ്മയും, നമ്മുടെ ചരിത്രനായകനായ ബ: ത്രേസ്യാ അൽബർത്തോസച്ചനും, ഇവർ ഏവരും മുനയത്തു് ആലപ്പാട്ടു കുടുംബക്കാർ ആകുന്നു.

---

* ('മുനയം' എന്ന പേരിന്റെ ഉത്ഭവം പറഞ്ഞാൽ കരുവന്നൂർ പുഴയിലെ വെള്ളം കരാഞ്ചിറവഴി കടലി

ലേക്കും എടത്തുരുത്തി തോട്ടിലേക്കും ഒഴുകിപോകുകനി മിത്തം അതിനുള്ളിലുള്ള ഭൂമി ഒരു മുനപോലെ ആയി വെള്ളത്തിലേക്കു് ചാടിക്കിടന്നിരുന്നു. അതിനാൽ ആ സ്ഥലത്തിനു് 'മുനയം' എന്ന പേരുണ്ടായി.

(ഇതുയും പൊതുവെ പ്രസ്താവിച്ചശേഷം ഇനി ചരിത്ര നായകനിലോട്ടുതന്നെ ദൃഷ്ടിയെ തിരിക്കാം)

ഇദ്ദേഹം കരാഞ്ചിറ മുനയത്തു് ആലപ്പാട്ട് എന്ന പുരാതനകുടുംബത്തിൽ 1853 ജനുവരി 20-ാംതീയതി ജാതനായി. കാക്കപ്പൻ ചെച്ചി എന്നിവരായിരുന്നു മാതാപിതാക്കൾ. മാമ്മോദീസായിൽ ദേവസ്സി എന്ന പേരാണു് നൽകപ്പെട്ടതു്. വയസ്സു 16 ആകുന്നതുവരെ സ്വന്തവീട്ടിൽ താമസിച്ചു്, നാട്ടുസമ്പ്രദായപ്രകാരമുള്ള വിദ്യാഭ്യാസം നടത്തിയെന്നതിൽ കവിഞ്ഞു നമുക്കു യാതൊരു അറിവുമില്ല.

ഇങ്ങിനെ വൈദിക അന്തസ്സിനെയോ സന്യസ്ത ജീവിതത്തെയൊക്കുറിച്ചു്, യാതൊരു ചിന്തയുമില്ലാതിരുന്ന ഈ യുവാവിനെ ദൈവം തന്റെ ശുശ്രൂഷയ്ക്കു വിളിച്ച വിധത്തെക്കുറിച്ചാണു് ഇനി നാം ചിന്തിക്കേണ്ടതു്. മനുഷ്യബോധത്തിന്നതീതവും ആശ്ചര്യാവഹവുമായ മാർഗ്ഗങ്ങളിൽക്കൂടെ ദൈവപരിപാലന അനാദിതൊട്ടു തനിക്കായി തെരഞ്ഞെടുത്തവരെ കൂട്ടിച്ചേർക്കുന്ന വിധം നമുക്കെപ്പോഴും ആരാധ്യവിഷയമാകേണ്ടതാണു്. കാരണം, തീരെ നിസ്സാരമായി നാം പരിഗണിക്കുന്ന ഒരു ചിന്ത, ഒരു വാക്കു്, ഒരു കാഴ്ച, ഒരു സംഭവം, ഏറ്റവും ചെറുപ്പുള്ള യുവഹൃദയങ്ങളെ, ലോകമായങ്ങളിൽ കുടുങ്ങിക്കിടക്കുന്ന ആത്മാക്കളെ ലോകത്തിൽനിന്നും, സ്വകാരണവന്മാരിൽനിന്നും, സ്വന്തസ്വഭാവചാപല്യങ്ങളിൽനിന്നും ഉളവാകുന്ന പ്രതിബന്ധങ്ങളെയെല്ലാം തട്ടിത്തകർത്തു ദൈവവേനത്തിലേയ്ക്കു, സ്നേഹനാഥന്റെ തൃച്ചേവടികളിലേയ്ക്കു നയിക്കുന്നതു കാണാം. ഇതിൽനിന്നു് ദൈവവിളി ഒരു ദൈവദാന

മാണെന്നും അതിൽ യാതൊരുത്തക്കും അഹങ്കരിക്കേണ്ട തില്ലെന്നും, കൃതജ്ഞതാഭരിതരായി ആ മഹാ ദാനം പാഴാക്കാതിരിക്കാൻ പ്രസ്തുത ദാനലബ്ധർ യത്നിക്കേണ്ടതാണെന്നും സിദ്ധിക്കുന്നു.

ആലപ്പാട്ട് ദേവസ്സി ചെറുപ്പമായിരിക്കയിൽ, കേരളകർമ്മലീത്താസഭയുടെ നവസന്ന്യാസഗൃഹവും പഠനഗൃഹവും കുനമ്മാവു വി. പ്ലമേനയുടെ ആശ്രമമായിരുന്നു. 1868-നോടു അടുത്തു പ്രസ്തുത ആശ്രമത്തിൽ നിന്നു് ചില സന്ന്യാസവൈദികർ ധ്യാനപ്രസംഗാർത്ഥം എടത്തുരുത്തി, കരാഞ്ചിറ എന്നീ പ്രദേശങ്ങളിൽപോകുവാൻ ഇടയായി. തദവസരത്തിൽ കരാഞ്ചിറ കരോട്ട ആലപ്പാട്ട കുടുംബത്തിൽനിന്നു് ഒരു ബാലനേയും നമ്മുടെ കഥാനായകനേയും കാണുകയും കുനമ്മാവുങ്കലേയ്ക്കു കൊണ്ടുപോകുകയും ചെയ്തു. അവിടെ താമസിച്ചുവരികയിൽ വീട്ടിലേക്കു മടങ്ങിപ്പോരുന്നതിനു് ഒരു വലിയ പരീക്ഷയുണ്ടായി. എങ്ങനെയെന്നാൽ, കഥാനായകനൊന്നിച്ചു സന്ന്യസ്തജീവിതത്തിനു് ഇറങ്ങിപ്പുറപ്പെട്ട ബാലൻ തിരിച്ചുപോന്നു. ആകയാൽ മാതാപിതാക്കൾ കഥാനായകനേയും തിരിച്ചുകൊണ്ടുപോരുവാൻ അത്യധികം യത്നിച്ചു. മാർക്കൂസ് മർസല്ലീനോസ് എന്ന വേദസാക്ഷികാലങ്ങളായതുപോലെയുള്ള ഒരു പരീക്ഷയായിരുന്നു അതു് നമ്മുടെ കഥാനായകനു്. അവൻ വല്ലാതെ പതറിക്കരഞ്ഞുതുടങ്ങി. എന്നാൽ വി. സെബസ്ത്യാനോസിന്റെ ഭാഗം ഭംഗിയായി അഭിനയിക്കുവാൻ പ്രാപ്തനായ ഒരു വൈദികശ്രേഷ്ഠനെ ദൈവം ആ രംഗത്തേയ്ക്കു നയിച്ചു. അതു അന്നു സഭയുടെ നവസന്ന്യാസഗുരുവായിരുന്ന പെ. ബെ. ലെയൊപ്പോൾദ് ബെക്കാറോ ഒ. സി. ഡി. എന്ന മൂപ്പൻ പാതിരിയല്ലാതെ മറ്റാരുമായിരുന്നില്ല. അദ്ദേഹം കുട്ടിയുടെ കരച്ചിലൊ, കാരണവന്മാരുടെ പ്രതികൂലമോ കഥവയ്ക്കാതെ ദേവസ്സിയെ നൊവിസ്യാത്തു

വേനത്തിലേയ്ക്കു കൊണ്ടുപോയി. വീട്ടുകാർ അതു ദൈവചിത്തമെന്നുറച്ചു സമാധാനത്തിൽ തിരിച്ചുപോന്നു. ഇങ്ങനെയാണു് ആലപ്പാട്ടു ദേവസ്സി കുനമ്മാവു നവസന്യാസഗൃഹത്തിൽ ചേർന്നതു്.

മൂപ്പച്ചന്റെ പ്രത്യേക സ്നേഹത്തിനു് പാത്രീഭവിച്ച നമ്മുടെ കഥാനായകൻ 1869-ജനുവരി 10-ാം തീയതി സഭയിൽ പ്രവേശിച്ചു. കർമ്മലീത്താസഭയുടെ ക്രമച്ചട്ടങ്ങളും എഴുതിക്കൊടുത്ത വി. അൽബത്തോസിന്റെ നാമമാണു് ദേവസ്സിക്കു നൽകപ്പെട്ടതു്. നവീകരിക്കപ്പെട്ട കർമ്മലീത്താസഭയോടു ഈ പുതുസന്യാസിക്കുണ്ടായിരുന്ന പ്രത്യേകസ്നേഹം നവീകരണക്കാരിയായ വി. ത്രേസ്യായെ പ്രത്യേകമദ്ധ്യസ്ഥയായി തെരഞ്ഞെടുക്കുവാൻ പ്രേരണനൽകി. ഇങ്ങനെ ആലപ്പാട്ടു ദേവസ്സി, ത്രേസ്യാ അൽബത്തോസായി.

പുണ്യശ്ലോകനും, സന്യസ്തജീവിതത്തിൽ പരിശീലനംനൽകി നല്ല തഴക്കവും പഴക്കവുമുള്ളവനായിരുന്ന ലെയൊപ്പോൾഡ് മൂപ്പൻപാതിരി. ഇങ്ങനെയുള്ള ഒരു ഗുരുവിന്റെ ശിക്ഷണത്തിൽ നവസന്യാസം കഴിക്കുന്നതിനും സുകൃതങ്ങളും അഭ്യസിക്കുന്നതിനും വൈദികപഠനങ്ങളും നടത്തുന്നതിനും ഇടയായതു നമ്മുടെ കഥാനായകനു് കൈവന്ന മഹാഭാഗ്യംതന്നെ, സംശയമില്ല. ക്രമാനുഷ്ഠാനങ്ങളോടുള്ള വലിയ ഒരു സ്നേഹം, വിനയം, ദാരിദ്ര്യം, പ്രാർത്ഥനാചൈതന്യം, ആജ്ഞാനുസരണം എന്നിങ്ങനെ സന്യാസികളിൽ പ്രത്യേകം ശോഭിക്കേണ്ടതായ സുകൃതങ്ങളും നവസന്യാസഗൃഹത്തിൽവെച്ചുതന്നെ അൽബർത്തോസിൽ നന്നായി വേരുന്നി. പഠനങ്ങളെല്ലാം പൂർത്തിയാക്കി തിരുപ്പട്ടമേറ്റതു 1878 ഏപ്രിൽ 6-ാം തീയതിയാണു്. മൂന്നു വർഷം കഴിഞ്ഞു്, 1881 ജൂലൈ 16-ാംതീയതി കർമ്മലനാഥയുടെ തിരുനാൾ ദിനം ബ. അൽബത്തോസച്ചൻ സന്യാസനേച്ചകം നിത്യമായി ദൈവത്തിന്നർപ്പിച്ചു കൃതാർത്ഥനായി.

ഗ്രന്ഥപ്പട്ടമേറ്റ ഇദ്ദേഹം പ്രേഷിതരംഗത്തു വേല ആരംഭിച്ച കാലത്തു അസ്വസ്ഥതയുടെ കൊടുങ്കാറ്റ് കേരളകത്തോലിക്കാസഭയിൽ ആഞ്ഞടിച്ചുകൊണ്ടാണിരുന്നതു്. ലത്തീൻ മെത്രാന്മാരുടെ ഭരണത്തിൽനിന്നു വിമുക്തി പ്രാപിക്കുന്നതിനും സ്വന്തം മെത്രാന്മാരെ നിയമിച്ചുകിട്ടുന്നതിനും സുറിയാനിക്കാർ ചെയ്തിരുന്ന പരിശ്രമങ്ങളും അവയുടെ പരമ കാഷ്ഠയിൽ എത്തി. വരാപ്പുഴമെത്രാപ്പോലീത്താ തിരുമനസ്സിലെ അംഗീകാരത്തോടും ആശീർവ്വാദത്തോടുംകൂടെ സ്ഥാപിതമായ ഈ സഭയിൽ ലത്തീൻകാരും സുറിയാനിക്കാരും അംഗങ്ങളായി ചേർന്നിരുന്നു. എന്നാൽ സുറിയാനിക്കാർ സ്വന്തം മെത്രാന്മാരെ ലഭിക്കുന്നതിനു് നടത്തിയ യത്നം സഭാധ്യക്ഷന്മാർക്കു രസിച്ചില്ല. അതു കാലാന്തരത്തിൽ ലത്തീൻ, സുറിയാനി എന്നീ സമുദായങ്ങളും തമ്മിൽ ഉണ്ടായിരുന്ന മൈത്രിക്കു സാരമായ ക്ഷതംവരുത്തി. ഇരുസമുദായക്കാരും ഏകോദരസഹോദരന്മാരെപ്പോലെ വർത്തിച്ചിരുന്ന സന്യാസഭവനങ്ങളുംകൂടെ അസ്വസ്ഥതയുടെ രൂപം പ്രാപിച്ചു. വിഭജനം അവശ്യം ആവശ്യമായിത്തീർന്നു. അക്കാലത്തു നമ്മുടെ കഥാനായകൻ പ്രസ്തുത വടംവലിയുടെ പ്രധാനരംഗമായ കൂനമ്മാവുകലാണു് താമസിച്ചിരുന്നതു്.

1889-ൽ കൂനമ്മാവു വി. പ്ലമേനയുടെ ആശ്രമം ലത്തീൻകാർക്കു വിട്ടുകൊടുക്കുവാൻ റോമ്മിൽനിന്നു് ഉത്തരവുണ്ടായി. ഇങ്ങനെ പ്രസ്തുത ആശ്രമത്തിൽനിന്നു് സുറിയാനിക്കാർ പുറംതള്ളപ്പെട്ടു. എന്നാൽ ചാവറ കുറിയാക്കോസച്ചൻ സ്ഥാപിച്ച ഒരു കന്യകാമഠം ആശ്രമത്തിന്നടുത്തുണ്ടായിരുന്നു. അതിലെ ലത്തീൻ റീത്തുകാരായ കന്യാസ്ത്രീകൾ വരാപ്പുഴയ്ക്കു മാറിപ്പോയെങ്കിലും സുറിയാനിക്കാർ അവിടെത്തന്നെ താമസം തുടർന്നു. ആകയാൽ 1888 മുതൽ പ്രസ്തുത മഠത്തിന്റെ കപ്ലോൻ ഉദ്യോഗം നോക്കിയിരുന്ന നമ്മുടെ കഥാനായകൻ സുറിയാനിക്കാരുടെ പുരയിടത്തിലുണ്ടായിരുന്ന ഒരു

ബംഗ്ലാവിൽ പാർത്തു 1892 വരെ ആ ജോലിയുടനു നടത്തി. എന്നാൽ അവിടങ്ങളിൽ കൂടുതൽ ശക്തിയുള്ളവരായിരുന്ന ലത്തീൻ സമുദായക്കാരുടെ വിദ്വേഷത്തിന്നിരയായി സുറിയാനിക്കാരായ സന്യാസികളും കന്യാസ്ത്രീകളും. തദ്ഫല നമ്മുടെ കഥാനായകൻ വളരെ അധികം കഷ്ടതകളും അപമാനങ്ങളും സഹിക്കേണ്ടിവന്നു. ഈ യുവ വൈദികന്റെ ഭക്തിതീക്ഷ്ണതയും ചങ്കുറപ്പും പ്രകാശിക്കുവാൻ താദൃശ പ്രാതികൂല്യം വളരെ സഹായിച്ചു. അതിനെ ഉദാഹരിക്കുന്ന ഒരു സംഭവം പറയാം.

വി. പ്ലമേനയുടെ ആശ്രമത്തിൽനിന്നു് സുറിയാനിക്കാരായ സന്യാസികളും ബഹിഷ്കൃതരായശേഷം പുത്തൻപള്ളി ഇടവക (തളിയത്തു്) പെ. ബ. ബസ്സീലിയൂസച്ചനും തൂണുസഹോദരൻ പ്രംസിസ്കോസും ഒന്നിച്ചാണു് ബ. അൽബത്തോസച്ചൻ താമസിച്ചിരുന്നതു്. കന്യകാമഠത്തിൽ ലത്തീൻകാരായി ഉണ്ടായിരുന്ന കന്യാസ്ത്രീകളും ആ രീത്തിൽപെട്ട അനാഥകുട്ടികളേയും കൊണ്ടു 1890 നവംബർമാസത്തിൽ വരാപ്പുഴക്കുപോയി. എന്നാൽ അത്യാസന്നയായിക്കിടന്നിരുന്ന ലത്തീങ്കാരിയായ ഒരു അനാഥ കുട്ടിയെ അവിടെ നിറുത്തിപൊകേണ്ടിവന്നു. അടുത്തദിവസംതന്നെ ആ കുട്ടി മരിച്ചു. തൃശ്ശൂർ അരമനയിൽ ബോധിപ്പിച്ചപ്പോൾ അന്നത്തെ വികാരി അപ്പസ്തോലിക്കയായ എ. ഇ. മെഡിലിക്കൊട്ട മെത്രാനച്ചൻ, പുത്തമ്പള്ളിയിൽ കൊണ്ടുപോയി ശവം സംസ്കരിക്കുന്നതിനു് കല്പിച്ചു. ആയതു നിർവഹിക്കുന്നതിനു് ബ. അൽബത്തോസച്ചൻ നിയുക്തനായി പുത്തമ്പള്ളിയിൽനിന്നു് കബറുവരുത്തി. കല്പനപ്രകാരം ശവം പുത്തമ്പള്ളിയിൽ കൊണ്ടുപോയി സംസ്കരിക്കുവാൻ വളരെ അധികം മനഃസ്ഥൈര്യം ആവശ്യമുള്ള ഒരു സന്ദർഭമായിരുന്നു അതു.

ശവം എടുത്തിരുന്നവർ വി. പ്ലമേനയുടെ പള്ളിയും സുറിയാനിക്കാരുടെ സ്ഥലത്തിനും മദ്ധ്യംവരെ

എത്തി. അപ്പോഠം അതാ! ഒരു വലിയ ബഹളം! ശവം മുന്നോട്ട വിടുകയില്ല. ഒരു വലിയ സംഘം ലത്തീൻകാർ വന്നു തടഞ്ഞു. ശവം എടുത്തിരുന്നവർ ഉടനെ കബർ താഴെവെച്ചു. ആഗതരിൽ ഒരാഠം മുന്നോട്ടുവന്നു് ബ. വൈദികനെ അടിക്കുവാൻ കൈ ഉയത്തി. ധീരനായ യുവവൈദികൻ ഒട്ടുംതന്നെ ചഞ്ചലമാനസനായില്ല. അദ്ദേഹം അവിടെ മുട്ടുകുത്തി. "അടിക്കണമെങ്കിൽ അടിക്കാം" എന്നായി ഘാതകനോട്ട. മറ്റുള്ളവർ അവനെ തടഞ്ഞതിനാൽ കയ്യേറ്റമുണ്ടായില്ല. അടിക്കുവാൻ ഭാവിച്ചവൻ അന്നൊരു കരപ്രമാണിയും സാമാന്യം ധനാഢ്യനുമായിരുന്നു. അവർ ശവം കൊണ്ടുപോയി വരാപ്പുഴ സിമിസ്തേരിയിൽ മറവുചെയ്തു. സക്കാർകേസിനു് ശേഷമാണു് സൂറിയാനിക്കാർക്കു കബർ തിരിച്ചുകിട്ടിയതു്. അക്കാലസന്ധിയിൽ ബ. അൽബർത്തോസച്ചൻ പ്രദർശിപ്പിച്ച ക്ഷമയോ, ധൈര്യമോ, ജ്ഞാനശ്രേഷ്ഠാന്തിയോ എന്താണു് കൂടുതൽ പ്രശംസനീയമെന്നു് നിർണ്ണയിക്കുവയ്യാ. പിന്നീടു് ഏൽത്തുരുത്തു ആശ്രമത്തിൽ പാത്തുവരികയിൽ കുനമ്മാവുകൽ വെച്ചു് അടിക്കുവാൻ കൈ ഓങ്ങിയ ആഠം ധമ്മം യാചിച്ചു നമ്മുടെ കഥാനായകനെ സമീപിച്ചു. ഇദ്ദേഹമാവട്ടെ അല്പനീരസമെങ്കിലും കാണിക്കാതെ ധമ്മസഹായത്തിനുള്ള ഏർപ്പാടു ചെയ്തുകൊടുക്കുകയാണുണ്ടായതു്.

ഏൽത്തുരുത്തു് യോഗാത്ഥികളുടെ ഒന്നാമത്തെ റക്ടർ ആയിരുന്ന ഈ വന്ദ്യ വൈദികൻ. യുവഹൃദയങ്ങളിൽ ദൈവമാതൃഭക്തി, കൃത്യനിഷ്ഠ, ആജ്ഞാനുസരണം മുതലായവ നട്ടുവളർത്തുന്നതിനു് നിരന്തരം യത്നിച്ചു. വ്യാകുലനാഥയോടു ഒരു വിശേഷഭക്തിയാണു് ഇദ്ദേഹത്തിനുണ്ടായിരുന്നതു്. മാതാവിന്റെ വ്യാകുലങ്ങളെക്കുറിച്ചു അലിവുതോന്നത്തക്കവണ്ണം സംസാരിക്കും. ഈ ഭക്തി വലിയ ദൈവവരപ്രാപ്തിക്കു നിദാനമാണെന്നറിഞ്ഞു ഇതിനെ പ്രചരിപ്പിക്കുവാൻ

താല്പര്യപ്പെട്ട. യോഗാത്മികളിൽ ഈ ഭക്തി ശുദ്ധമൂല മാക്കുവാൻ വളരെ ശ്രേഷ്ഠാന്തി പ്രദർശിപ്പിച്ചിരുന്നുവെന്നും ഇദ്ദേഹത്തിന്റെ കീഴിൽ യോഗാത്മികളായിരുന്നവർ സാക്ഷ്യം വഹിക്കുന്നു. ഇദ്ദേഹം എപ്പോഴും ആ കുഞ്ഞു സഹോദരരോടുകൂടെ ഉണ്ടായിരിക്കും. തെറ്റുകൾ വന്നശേഷം തിരുത്തുന്നതിനും യത്നിക്കുന്നതിനേക്കാൾ തെറ്റു വരാതെ കാക്കുന്നതിന്നായിരുന്നു ശ്രമം. ധ്യാന ഭ്രമവെന്ന നിലയിൽ പിന്നീട് ഇദ്ദേഹത്തിൽ ശോഭിച്ച ആത്മരക്ഷയിലുള്ള ശ്രേഷ്ഠാന്തി ആ പിഞ്ചുഹൃദയങ്ങളിൽ പകർന്നുകൊടുക്കുവാൻ ചെയ്ത യത്നം സഫലമായി യെന്നും കണ്ടാനന്ദിക്കുവാനുള്ള ഭാഗ്യം ഈ പുണ്യശ്ലോകനും കൈവന്നു.

ബ. അൽബർത്തോസച്ചന്റെ പ്രധാന പ്രേഷിത രംഗമായിത്തീർന്നതു പാവർട്ടി വി. തോമ്മാശ്ലീഹായുടെ ആശ്രമമാണും. അവിടെവച്ചു രണ്ടു സംഗതികളിലാണും ഇദ്ദേഹത്തിന്റെ ശ്രദ്ധ പ്രത്യേകം പതിഞ്ഞതും. അവ രണ്ടും അതിപ്രധാനമായവയായിരുന്നു. രണ്ടിലും സാരമായ നേട്ടങ്ങളും ഇദ്ദേഹം കൈവരിക്കയും ചെയ്തു.

വേദപ്രചാരം:— ദിവ്യരക്ഷകൻ സ്വർഗ്ഗത്തിലേയ്ക്കു എഴുന്നള്ളിപ്പോകുന്നതിനും മുമ്പു തന്റെ ശിഷ്യസമൂഹത്തോടു ആജ്ഞാപിച്ചു: "നിങ്ങൾ ലോകത്തിന്റെ അറ്റത്തിവരെയുംപോയി എന്റെ സുവിശേഷം അറിയിക്കുവിൻ. വിശ്വസിച്ചു സ്നാനപ്പെടുന്നവർ രക്ഷ പ്രാപിക്കും." കേരളസുറിയാനിസമൂഹം ഒരു അപ്പസ്തോലമുഖനിൽനിന്നും ജന്മമെടുത്തിട്ടുള്ളതാണും. അതിനും ക്രിസ്തു സഭയെപ്പോലെതന്നെ പൌരാണികതപുണ്ടു. എങ്കിലും വേദപ്രചാരാർത്ഥം നാം വളരെ ഒന്നും ചെയ്തിട്ടില്ല എന്നുള്ളതു ഒരു യാഥാർത്ഥ്യം മാത്രമാണും. നമുക്കു ഉദാരമായി ലഭിച്ച വിശ്വാസമെന്ന ദിവ്യദാനത്തിൽ മറ്റുള്ളവരേയും ഭാഗഭാക്കുകളാക്കുവാൻ ഓരോ വിശ്വാസിക്കും ഉള്ള ഗൌരവാവഹമായ ചുമതല മനസ്സിലാക്കി നാം വർത്തിച്ചില്ല. ഈ പ്രയത്നം ആർഭാടരഹിതമാണും.

വളരെ അധികം ക്ഷമ ആവശ്യപ്പെട്ടന്നതുമാണ്. തദാ
ര ദൈവികകാര്യങ്ങളിൽ ഏറ്റവും ദൈവികമായ വേ
ദപ്രചാരജോലിയിൽ മുൻകൈ എടുത്തു പ്രവത്തിച്ചിട്ട
ള്ളവരെ വളരെ ചുരുക്കമായി മാത്രമെ വൈദികരിൽ
പോലും കാണാറുള്ള. എന്നാൽ ഈ വൈദികൻ
തന്റെ സമയവും കഴിവുകളുമെല്ലാം ഇതിന്നായി വിനി
യോഗിക്കുവാൻ ദൃഢനിശ്ചിതനായി കാണപ്പെട്ട. "ഈ
ശോയ്യുടെ ആത്മാക്കളെ നേടിക്കൊടുക്കുക, അല്ലെങ്കിൽ
മരിക്കുക" എന്നായിരുന്നു ഈ പാവനചരിതന്റെ മുദ്രാ
വാക്യം.

ജ്ഞാനസ്നാനത്തിനു് വരുന്നവർ ദരിദ്രരും, വിദ്യാ
വിഹീനരും, സുഖക്കേടുകാരും ആയിരിക്കും. അവരു
ടെ ക്ഷേണം, വസ്ത്രം, പാനം മുതലായവ നടത്തിക്കൊ
ണ്ടുപോരുക അത്ര എളുപ്പമായിരുന്നില്ല. പോരെങ്കിൽ
പാവർട്ടി ആശ്രമം ദാരിദ്യത്തിന്റെ കരാളവക്ത്രത്തി
ലമർന്നു് എരിപൊരികൊള്ളുന്ന കാലമായിരുന്നതുകൊ
തന്നിമിത്തം ക്ഷേതിതീക്ഷ്ണതയുള്ള ഉദാരമതികളോട്
യാചിച്ചാണു് കാര്യങ്ങളം നിവ്വഹിച്ചു വന്നിരുന്നതു്.
വേദപാഠശാലയ്ക്കായി ഇട്ടേഹം വളരെ അധികം ക്ലേശി
ച്ചിട്ടുള്ളതായി നാളാഗമങ്ങളം വെളിവാക്കുന്നുണ്ട്.

ആദ്യം വെട്ടിക്കൽ ലോനപ്പന്റെ ഗൃഹത്തോട്
ചേർന്നിട്ടുള്ള ഒരു എടുപ്പിൽവെച്ചാണു് വേദപാഠം നട
ത്തിവന്നതു്. എന്നാൽ അവിടെ സ്ഥലം പോരാതെ
വന്നതിനാൽ പാവർട്ടി എടവകപ്പള്ളിയുടെ മോണ്ടേം
അതിന്നായി ഉപയോഗിച്ചു. എന്നാൽ ഒരുകൊല്ലം
പൂർത്തിയാകുന്നതിനു് മുമ്പു അവിടം വിട്ടുകൊടുക്കുവാൻ
നമ്മുടെ വന്ദ്യ വൈദികൻ നിർബ്ബന്ധിതനായി. തദാ
ര, ആശ്രമത്തിനു് വടക്കുവശത്തു കൊട്ടമുത്തിയുടെ വക
യായി ഉണ്ടായിരുന്ന ഒരു കെട്ടിടം വേദപാഠക്കാർ
ആശ്രയിക്കേണ്ടിവന്നു. ഒരു വർഷത്തിന്നകം അവിട
വും വിട്ടുപോകുന്നമെന്നാവശ്യപ്പെട്ട. എന്തായാലും
വേദപാഠക്കാർക്കായി ഒരു കെട്ടിടം പണിയിക്കുക

ന്നെയെന്നുറച്ചു അതിന്നായി സ്ഥലം അന്വേഷിക്കുവാൻതുടങ്ങി. കൊട്ടേന്മാരുടെ മല്ലശ്ശേരിപ്പുറമ്പിൽ പ്രസ്തുത പാഠശാല പണികഴിക്കുവാൻ അനുവാദം ചോദിച്ചു. ആദ്യം അതിന്നു് സമ്മതിച്ചുവെങ്കിലും പിന്നീടു സമ്മതം പിൻവലിക്കയാണുണ്ടായതു. എന്നാൽ മുണ്ടത്തുകാർ തങ്ങളുടെ പറമ്പിൽ പുതുക്രിസ്തുവക്കും, വേദപഠനക്കാക്കുമായി ഒരു പാഠശാല പണിയുവാൻ സന്തോഷപൂർവ്വം അനുമതിനൽകി. ഇക്കാര്യത്തിൽ വി. ജോൺ ബോസ്റ്റോയുടെ അനുഭവംതന്നെയാണു് ബ. അൽബെത്തോസച്ചനും ഉണ്ടായതെന്നു പറയാം.

കെട്ടിടം പണിയുന്നതിനു് എന്തുചെയ്യും? ഒരു പൈപോലും കയ്യിലില്ല. എന്തെങ്കിലും സഹായം ചെയ്വാൻ ആശ്രമത്തിനു് ശേഷിയുമില്ലായിരുന്നു. ഇരക്കുകയല്ലാതെ നിവൃത്തിയില്ലെന്നായി. എന്നാൽ ഇദ്ദേഹത്തിന്റെ വേദപ്രചാരശുഷ്കാന്തി കണ്ടു സംപ്രീതനായിത്തീർന്ന അഭിവന്ദ്യ മേനാശ്ശേരി യോഹന്നാൻ മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു. ഈ വന്ദ്യ തിരുമേനിതന്റെ ശ്രുപതയിൽ എവിടെനിന്നും ധർമ്മം ചിരിക്കുന്നതിനു് അനുവദിക്കയും അതിന്നായി ഒരു സാക്ഷിപത്രം നല്കുകയും ചെയ്തു. പല പള്ളികളിൽനിന്നായി കുറെയെല്ലാം കിട്ടി. എന്നാൽ കെട്ടിടപ്പണിയോടുകൂടെ വേദപഠനക്കാരുടെ ഭക്ഷണം, വസ്ത്രം, ചികിത്സ മുതലായ ആവശ്യാദികളും, നടക്കേണ്ടിയിരുന്നതുകൊണ്ടു പലപ്പോഴും വലിയ മുട്ടുപാടുകൾ നേരിട്ടു. വിഷമസന്ധികളിലെല്ലാം അരണാട്ടുകരെ അന്തോനിത്തരകനും, ശ്രീമാൻ ഒല്ലൂർ, തെറാട്ടിൽ കല്ലുക്കാരൻ അന്തോണി എന്നയാളുമായിരുന്നു ഇദ്ദേഹത്തിന്റെ ആശ്രയം. അവസാനം ബ. മേച്ചേരി ഔസേപ്പച്ചൻ പാവർട്ടി ആശ്രമശ്രേഷ്ഠനായിരിക്കയിൽ ധർമ്മമായിക്കിട്ടിയ പണവും ഉപയോഗിച്ചു പുതുക്രിസ്തുവക്കായി ഒരു പാഠശാലയും കപ്പേളയും പണികഴിപ്പിച്ചു. അവ ഇന്നത്തെ ഹൈ

സ്റ്റുഡിയോ ഓഫീസിന്റെ പടിഞ്ഞാറവശത്തു റോഡിലേയ്ക്കു ദർശനമായിരുന്നു.

1907 മുതൽ 1922 വരെ ബ. അൽബത്തോസച്ചൻ വേദപ്രചാരവേലനടത്തി അക്കാലയളവിൽ 600-ൽ പരം പേർക്കു ഇദ്ദേഹം ജ്ഞാനസ്നാനംകൊടുക്കുകയുണ്ടായി. ഇതിൽനിന്നു ഈ വന്ദ്യവൈദികൻ ഇക്കായ്ത്തിൽ സഹിച്ച ബുദ്ധിമുട്ടുകളുടെ യാതൊരു രൂപവും നമുക്കു ലഭിക്കുന്നതല്ല. അത്ര വലിയ പ്രാതികൂല്യങ്ങളും തരണംചെയ്തുകൊണ്ടാണു് പ്രസ്തുത ജോലി നടത്തിയതു എന്നുള്ളതാണു് അതിനു് കാരണം.

ധ്യാനപ്രസംഗങ്ങളും വഴിയായി ക്രിസ്ത്യാനിജനതയെ നവീകരിക്കുക എന്നതാണു് ഇദ്ദേഹത്തിന്റെ ശ്രേഷ്ഠയെ ആകർഷിച്ച വേറൊരുസംഗതി. കർമ്മലീത്താസഭ കേരളത്തിൽ സ്ഥാപിച്ചപ്പോൾ സഭോദ്ധ്യക്ഷന്മാർക്കുണ്ടായിരുന്ന ഉദ്ദേശമെന്തു്? സഭയുടെ ആദ്യപിതാക്കന്മാർ കേരളക്രൈസ്തവസഭയ്ക്കു ചെയ്ത സേവനം! പാപമാർഗ്ഗങ്ങളിൽനിന്നു് വിശ്വാസികളെ അകറ്റി അവരുടെ ആദ്ധ്യാത്മികമണ്ഡലം ഉയർത്തുന്നതിനു് ചെയ്ത യത്നങ്ങൾ! ഇവ മറയ്ക്കുവാനൊ മറക്കുവാനെ കഴികയില്ലല്ലോ. വടക്കൻപ്രദേശങ്ങളിൽനിന്നുള്ള വന്ദ്യവൈദികരിൽ ഇദ്ദേഹത്തെപ്പോലെ അത്ര അധികം ധ്യാനപ്രസംഗങ്ങളും നടത്തീട്ടുള്ളവർ ആരുംതന്നെ ഉണ്ടായിട്ടില്ലെന്നു് തീർത്തു പറയാം. വടക്കൻപ്രദേശങ്ങളിൽ അന്നുണ്ടായിരുന്ന പള്ളികളിൽ ഈ പ്രസിദ്ധ ധ്യാനഗുരു കാലുകുത്താത്ത സ്ഥലം കാണുകയില്ല. ചില പള്ളികളിൽ ഇദ്ദേഹം രണ്ടും മൂന്നും പ്രാവശ്യം ധ്യാനം നടത്തീട്ടുണ്ടു.

ബ. അൽബത്തോസച്ചന്റെ പ്രഭാഷണം എപ്പോഴും ധ്യാനോദ്യോതകമായിരുന്നു. ഇരുന്നാണു് സാധാരണ സംസാരിക്കുക. നിന്നുകൊണ്ടു വളരെ നേരം സംസാരിക്കുവാൻ ശക്തിയുണ്ടായിരുന്നുവെന്നു് തോന്നുന്നില്ല അമ്പതുവയസ്സു കഴിഞ്ഞശേഷം. ഓരോ വാക്കും സ്പുടമായി ഓരോന്നായി കണ്ണുപൂടങ്ങളിൽ വന്നു് വീഴു

മ്പോഠം, ആരും അവയുടെ അത്ഥഗൌരവത്തെക്കുറിച്ചു ചിന്തിച്ചുപോകും. ധ്യാനിക്കാതിരിക്കാൻ കഴിയുകയില്ല. ചെറിയ ചെറിയ സംവേങ്ങളും മനസ്സിൽനിന്നു് മാഞ്ഞുപോകാത്ത ഉപമകളും നിമിത്തം എത്ര നേരമെങ്കിലും ശ്രോഭ്യാക്കഠം സസൂക്ഷ്മം കേട്ടുകൊണ്ടിരിക്കും. മരണം നരകം എന്നിവയാണു് പ്രഭാഷണവിഷയമെങ്കിൽ ഭയം വരുത്തുന്ന സംവേങ്ങളെ അവയുടെ അനുയോജ്യമായ വാക്കുകഠംകൊണ്ടതെ ഇട്ടേഹം ചിത്രീകരിക്കുക. രക്ഷകന്റെ പീഡാനുവേങ്ങളെക്കുറിച്ചു ആദ്യത്തയോട്ടം ദുഃഖസ്വരത്തിലും സംസാരിക്കുന്നതു് കേട്ടാൽ ആരുടെ ഹൃദയവും ദുഃഖാബ്ധിയിൽ ലയിക്കുമായിരുന്നു. അത്ര ഹൃദയാവജ്ജകമായിരുന്നു അവ. ഈ ധ്യാനഗുരു യാഥാത്ഥ്യങ്ങളെ നിവ്വിശങ്കം ഉറപ്പുകാണിക്കും. ഇട്ടേഹത്തിന്റെ ധ്യാനപരമ്പര കാൽ ശതാബ്ദത്തിലധികം കാലം ഇടമുറിവില്ലാതെ നിഗ്ഗളിച്ചുകൊണ്ടാണിരുന്നതു്.

ഇളവില്ലാത്ത പ്രയത്നംമൂലം നിരവധി പാപികഠം മാനസാന്തരപ്പെട്ടു. പലരും പുണ്യപൂണ്ണതാമാഗ്ഗത്തിൽ പുരോഗമിക്കുന്നതിനു് ഇടവരികയും ചെയ്തു. "മാനസാന്തരത്തിനു് ആവശ്യമില്ലാത്ത 99 നീതിമാന്മാരെക്കാഠം മാനസാന്തരപ്പെട്ടവരുന്ന ഒരു പാപിയെക്കുറിച്ചു് എന്റെ മാലാഖാമാരുടെ മുമ്പിൽ അധികസന്തോഷമുണ്ടാകും എന്നു് സത്യം സത്യമായി ഞാൻ പറയുന്നു" എന്നല്ലയൊ ദൈവത്തിന്റെ ബോധജ്ഞാനം കല്പിച്ചരുളീട്ടുള്ളതു്. ആകയാൽ മാനസാന്തരപ്പെട്ട പാപികഠംനിമിത്തം ഇട്ടേഹം മോക്ഷത്തിൽ ഒരു നവീനമോക്ഷം സൃഷ്ടിച്ചു. ജ്ഞാനധ്യാനംകഴിച്ച ഓരോ അവസരത്തിലും. അങ്ങിനെയെങ്കിൽ ഇട്ടേഹം ധ്യാനങ്ങഠം കഴിച്ച ആ നീണ്ട കാലയളവിൽ എത്ര എത്ര സ്നേഹിതരെ ഈ വന്ദ്യദേഹം സ്വഗ്ഗത്തിൽ നേടിയിരിക്കണം? മനുഷ്യരക്ഷക്കായി ഏക ജാതനെപ്പോലും ബലിയിടുവാൻ സന്നദ്ധനായ പിതാവിനും, സ്ലീവാമരത്തിലെ ഹോമബലി വഴിയായി നമ്മെ രക്ഷിച്ച പുത്രനും, മനു

ഷ്യരക്ഷാത്മം പ്രസാദവരവൃഷ്ടിയാൽ ഭൂമുഖത്തെ ഫല പുഷ്ടമാക്കിക്കൊണ്ടിരിക്കുന്ന പരിശുദ്ധാത്മപിക്കും ഈ വന്ദ്യവൈദികോത്തംസം പ്രിയംകരനായി, സംശയ മില്ല.

ദിവ്യചൈമ്മരിയാട്ടിൻകുട്ടിയുടെ മാംസരക്തങ്ങളം കൈകാര്യംചെയ്യുന്നതിനുള്ള അധികാരം! ഇതാണല്ലൊ മാലാഖാമാരുടെ അസൂയക്കുപോലും വൈദികരെ പാത്ര മാക്കുന്നതു്, അവരെ മാലാഖാമാരേക്കാം ശ്രേഷ്ഠരാ ക്കുന്നതു്. ആകയാൽ ഒരു വൈദികൻ ഈ ദിവ്യകൂടാ ശയോടുള്ള ഭക്തിയിൽ അതിശ്രേഷ്ഠമായ ഒരു സ്ഥാനം കൈവരിക്കേണ്ടതാണു്. എന്നാൽ ബ. അൽബത്തോ സച്ചനിൽ ഈ ഭക്തി എങ്ങിനെ വിളങ്ങിയിരുന്നുവെ ന്നു് നോക്കാം. വി: കുബ്ബാനയെക്കുറിച്ചു് സാമാന്യ ത്തിൽ കവിഞ്ഞു് ഒരു പഠനം നടത്തിയിട്ടുണ്ടായിരുന്നു എന്നാണു് ഇദ്ദേഹം രചിച്ചിട്ടുള്ള കൃതികളം സ്പഷ്ടമാക്കു ന്നതു് അവയിൽ ഏറ്റവും പ്രാധാന്യം അർഹിക്കു ന്നതു് വി: കുബ്ബാനയുടെ വണക്കമാസമത്രെ. അതി ന്റെ ഭാഷ സാമാന്യം നല്ലതാണു്. അതിന്റെ പ്രതി കളം വീണ്ടും അടിച്ചു് പ്രചരിപ്പിക്കുന്നതു് ഈ ദിവ്യ കൂടാശയെക്കുറിച്ചു് ജനതയിൽ ജ്ഞാനവും ഭക്തിയും വർദ്ധമാനമാക്കുന്നതിനു് വളരെ സഹായിക്കും. അത്ര വിശേഷമാണു് അതിലെ ആശയങ്ങളം. കൂടാതെയും ദിവ്യപൂജയിൽ ഭക്തിപൂർവ്വം ഭാഗഭാക്കാകുവാൻ തക്ക നമസ്കാരങ്ങളും വി: കുബ്ബാന ഉരുക്കൊള്ളുന്നതിനു മുമ്പും പിമ്പും എല്ലാ ദിവസവും ഉപയോഗിക്കത്തക്ക ജപങ്ങളും ആഴ്ചയിലെ ഓരോ ദിവസവും മാറി മാറി ഉപയോഗിക്കുന്നതിനു് പ്രത്യേക ജപങ്ങളും രചിച്ചു് പ്രസിദ്ധീകരിച്ചിട്ടുണ്ടു്. ഇതിൽനിന്നെല്ലാം വി: കുബ്ബാ നയുടെനേരെയുള്ള ഭക്തിയെ ഇദ്ദേഹം എത്ര കാര്യമായി കരുതിയിരുന്നുവെന്നും, അതു് എല്ലാവരിലും ശുദ്ധമൂല മായി കാണുവാൻ ഇദ്ദേഹം എത്രകണ്ടു് അഭിലഷിച്ചിരു ന്നുവെന്നും വ്യക്തമാകുന്നുണ്ടല്ലൊ. ഇദ്ദേഹത്തിന്റെ

വേറെരണ്ടു കൃതികളാണു് മാതാവിന്റേയും യൌസേപ്പിന്റേയും വണക്കമാസങ്ങൾ. അവ വി: കുഞ്ഞിനയുടേതുപോലെ അത്ര വിശേഷമാണെന്നു് പറഞ്ഞുകൂടാ.

പ്രകൃത്യാ ബലഹീനനും അത്യല്പജ്ഞാനത്താൽ തളർന്നവനുമായ ഇട്ടേഹത്തിനു് എങ്ങനെ ഇത്ര അധികം ജ്ഞാനധ്യാനങ്ങൾ നടത്തുവാൻ സാധിച്ചു? ദൈവമഹത്വത്തിനും ആത്മരക്ഷയ്ക്കുമുള്ള അതിയായ തീക്ഷ്ണത കൊണ്ടു എന്നല്ലാതെ എന്തുപറയും? "മനസ്സുണ്ടെങ്കിൽ വഴിയുണ്ടു്" എന്നല്ലെ പഴഞ്ചൊല്ല്. എല്ലാവരും ദൈവത്തെ അറിയണം, എല്ലാവരും ദൈവത്തെ സ്നേഹിക്കണം. ഇതിനുപകരിക്കുന്നവ നിവൃഹിക്കുന്നതിൽ ക്ഷീണമോ മറവു തൃാഗങ്ങളൊ പരിഗണിച്ചില്ല ഈ വന്ദ്യഗുരു. സാധാരണയിൽ കവിഞ്ഞുള്ളതായിരുന്ന ഇട്ടേഹത്തിന്റെ മനഃശക്തി. ശരീരത്തിന്റെ ബലഹീനത പ്രസ്തുത മനഃശക്തി കുറെയൊക്കെ പരിഹരിച്ചിട്ടുണ്ടാവാം.

ഈ വന്ദ്യവൈദികന്റെ ഒരു വലിയ ആഗ്രഹം, അല്ല ആവേശമായിരുന്ന തൃശ്ശൂർ ഒരു ആശ്രമം സ്ഥാപിച്ചു കാണണമെന്നുള്ളതു്. അതിന്നായി ഇട്ടേഹം വളരെ അപേക്ഷിച്ചു. യോഗാത്ഥികളെക്കൊണ്ടു വളരെ അപേക്ഷിപ്പിച്ചു. റൊട്ടിക്കപ്പേളയും അതിന്നടുത്ത സ്ഥലവും തീറുകൊടുത്തു് ലത്തീൻകാർ സ്ഥലംവിട്ടുവാൻ ഉദ്ദേശിച്ചപ്പോഴും തന്റെ ആഗ്രഹനിവൃത്തിക്കുള്ള സമയം സമാഗതമായി എന്നു് ഇട്ടേഹം വ്യാമോഹിച്ചു. ആ സ്ഥലത്തോടു കൎമ്മലീത്തക്കു ഒരു വലിയ ബന്ധവുമുള്ളതാണല്ലൊ. കാരണം, തൃശ്ശൂർ വളൎന്നവന്ന ശീശ്ശയും ശീശ്മക്കാൎക്കും എതിരായി പോരാടുവാൻ കത്തോലിക്കൎക്കു ലഭിച്ച പാവനഭൂമിയായിരുന്ന അതു്. അവിടെവെച്ചാണു് വലിയ ചാണ്ടി അച്ചൻ പാലാക്കുന്നേൽ യാക്കോച്ചൻ കല്ലുക്കാരൻ പൌലോസച്ചൻ മുതലായ കൎമ്മലീത്ത വൈദികവരേണ്യർ ശീശ്മക്കാരോടുള്ള മൽപ്പിടുത്തത്തിൽ ഏൎപ്പെട്ടതു്, സജീവനെപ്പോലും തൃണ

വൽഗണിച്ചു സത്യസഭാ കാഹളം മുഴക്കിയതു്. ഇന്നു അവയെല്ലാം വെറും ഭൂതകാലസംഭവങ്ങളായി വിസ്മൃതിയിൽ ആണ്ടുപോയിരിക്കയാണു്. എന്നാൽ അരശതാബ്ദത്തിന്നപ്പുറം അവ മാംസരക്തങ്ങളോടുകൂടിയ സജീവയാഥാർത്ഥ്യങ്ങളായിരുന്നു.— പ്രസ്തുത വസ്തുക്കൂറെക്കൂടെ കുറഞ്ഞവിലയ്ക്കു കിട്ടുമെന്ന അഭിപ്രായം പൊങ്ങിവരികയും അതോടെ ആദ്യപ്രതീക്ഷ അസ്തമിക്കുകയുമാണുണ്ടായതു്.

പിന്നീടു തോപ്പു കമ്മേലീത്തക്കു വിട്ടുകൊടുക്കുവാൻ ആലോചിച്ചു തീരുമാനിച്ചു. അതിനുള്ള പ്രാരംഭനടപടിയായി ഒരു കപ്പേള പണിതീർന്നതു കണ്ടപ്പോഴാണു നമ്മുടെ കഥാനായകന്റെ മനം കുളിർത്തു. ഇതു വളരെ ജനം തിങ്ങിപ്പാർക്കുന്നിടത്തു അച്ഛോ പത്തോ ബ. വൈദികരോടുകൂടിയ ഒരു ആശ്രമത്തിന്റെ പ്രയോജനം തീക്ഷ്ണതനിറഞ്ഞ ആ വന്ദ്യവൈദികൻ ഭാവനചെയ്തു. പ്രേഷ്ണിയുടെ വലിയ ക്ഷേതനായ ഇദ്ദേഹം പ്രേഷ്ണിയുടെ രണ്ടു മനോഹരരൂപങ്ങളും പ്രേഗിൽനിന്നു വരുത്തീട്ടുണ്ടായിരുന്നു. അവയിൽ ഒന്നു തോപ്പിന്റെ വടക്കെ പടിക്കെട്ടത്തു്, ഇപ്പോഴും ഉള്ള കപ്പേളയുടെ സ്ഥാനത്തു് പണികഴിച്ചിരുന്ന ചെറുകപ്പേളയിൽ ആഘോഷപൂർവ്വം സ്ഥാപിച്ചു. ആശ്രമത്തിന്റെ ശിലാസ്ഥാപനവും നടന്നു. പണി അതിശീഘ്രത്തിൽ മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കയിൽ അതിനും പ്രതിബന്ധം നേരിട്ടു. വല്യച്ചനു് വലിയ വിഷമമായി എന്നു് പ്രത്യേകം പറയേണ്ടതില്ലല്ലൊ. തന്റെ ഈ ആഗ്രഹത്തെക്കുറിച്ചു പലപ്പോഴും പറയുമായിരുന്നു. പാവർട്ടിയിൽനിന്നു് വന്നിട്ടു ഇതിനെപ്പറ്റി വളരെ വ്യസനപൂർവ്വം സംസാരിച്ചപ്പോഴാണു അതിനായി ആവതു യത്നിക്കാമെന്നും, അതു പ്രൈഡ്ഡണ്ണിയീശോയിക്കു് പ്രതിഷ്ഠിക്കുന്നതിനു് പരിശ്രമിക്കാമെന്നും വാക്കുകൊടുത്തതു്. ആ വയോവൃദ്ധനെ സമാശ്വസിപ്പിച്ചു. ഈ ഉടമ്പടി മുൻനിറുത്തിയാണു് തലോരു ഒരു ആശ്രമസ്ഥാപനത്തിനുള്ള

സാദ്ധ്യതയുണ്ടായപ്പോഴും അതു പ്രേഷ്ണിയുടെ നാമത്തിൽ ആയിരിക്കണമെന്നുവെച്ചതു്. പാട്ടറായിക്കൽ ഒരു സ്ഥാപനം വന്നപ്പോഴും അതു് തൃശ്ശൂർ ഒരാശ്രമം സ്ഥാപിക്കണമെന്നുള്ള ബ. അൽബത്തോസച്ചന്റെ ആഗ്രഹപൂർത്തീകരണമായി പരിഗണിക്കാവുന്നതാണു്.— പ്രേഷ്ണിയുടെ മറേറ രൂപമാണു് ഇന്നു് എൽത്തുരുത്തു ആശ്രമകപ്പേളയിൽ ഉള്ളതു്.

സംഗീതത്തിൽ അതിവിദഗ്ധനായിരുന്ന ബ. അൽബത്തോസച്ചൻ. വളരെ പ്രായമായിട്ടും സ്വരമാധുര്യം ഇട്ടേഹത്തിൽ വിശേഷവിധിയായി തെളിഞ്ഞുനിന്നു. കൂനമ്മാവുങ്കൽവെച്ചു മൂപ്പച്ചന്മാരിൽനിന്നു് ഇത്താലുൻ ഭാഷയിൽ സാമാന്യജ്ഞാനം ഇട്ടേഹം കരസ്ഥമാക്കിയിരുന്നു. പ്രസ്തുത ഭാഷയിൽ എഴുതപ്പെട്ട പുസ്തകങ്ങളും ആണു് പലപ്പോഴും ജ്ഞാനവായനയ്ക്കായി ഉപയോഗിച്ചിരുന്നതു്.

മാഹാത്മ്യത്തിന്റെ ഭാഹ്യഅടയാളമായി പരിഗണിക്കാവുന്ന കാരുണ്യശീലം ഈ വൈദികവരേണ്യനിൽ വിശേഷവിധിയായി ശോഭിച്ചു. ദരിദ്രരോടും ദീനക്കാരോടും എന്നുവേണ്ട അവശത അനുഭവിക്കുന്ന എല്ലാവരോടും അനുകമ്പയാൽ തുടിക്കുന്നതായിരുന്നു ആ ഹൃദയം. മാനസാന്തരപ്പെടുവാൻ വന്നിരുന്ന ദരിദ്രരും അവശരും. പൂതുതായി വിശ്വാസം സ്വീകരിച്ചവരും ഈ സ്വഭാവവൈശിഷ്ട്യത്താൽ ആകൃഷ്ടരായി. മാനസീകവും ശാരീരികവുമായ കഷ്ടതകളാൽ വലയുന്നവരെ സ്നേഹനാഥന്റെ തൃച്ചേവടികളിലേക്കും, സ്വർഗ്ഗീയപാന്ഥാവിലേക്കും നയിച്ചതു ഈ വൈദികവരേണ്യന്റെ ദീനാനുകമ്പയാണെന്നു് പറയാം. മാനവരാശിയുടെ ദുഃഖഭരിതങ്ങളും കൂടെക്കൂടെ ദർശിച്ചിരുന്നതിനാൽ ആ മൃദുലഹൃദയം ഒന്നിനൊന്നു് കൂടുതൽ മൃദുലമയമായിത്തീർന്നു.

ദേവാലയത്തെ കച്ചവടസ്ഥലമാക്കിയതു കണ്ടപ്പോൾ ദൈവസുതനുണ്ടായ നീതികോപത്തെക്കുറിച്ചു് നാം സുവിശേഷങ്ങളിൽനിന്നു് വായിച്ചറിഞ്ഞിട്ടുണ്ടു്.

നമ്മുടെ കഥാനായകനും മിതമല്ലാത്ത എന്തെങ്കിലും കണ്ടാൽ ക്ഷോഭിക്കും. അനാശാസ്യമായവ വികാര രഹിതനായി നോക്കിനിൽക്കുക ഇദ്ദേഹത്തിനു് സാധിക്കയില്ലായിരുന്നു. അല്പനേരത്തേയ്ക്കു് കോപാഗ്നി ആളിക്കത്തുകതന്നെ ചെയ്യും. തദാര വല്യച്ചന്റെ മുമ്പിൽവെച്ചു് ഭംഗികേടായി എന്തെങ്കിലും ചെയ്യുവാൻ സാമാന്യം ആരും ധൈര്യപ്പെടാറില്ല. മാന്യമല്ലാത്ത വയോട്ടുള്ള വെറുപ്പിനേറെയും ആത്മാത്ഥതയുടേയും ബഹിർസ്ഫുരണമായിരുന്നു അതു്. എന്നാൽ അതു് ഉടനടി കത്തിയമർന്നു് ഈ വെസൂവിയസു് (അഗ്നിപർവ്വതം) വീണ്ടും പൂർവ്വസ്ഥിതിയെ പ്രാപിക്കും. കാലാന്തരത്തിൽ ഈ പ്രകൃതിക്കു് വലിയ മാറ്റം സംഭവിക്കുകയുണ്ടായി. ആത്മസംയമനഫലമായിരുന്നു അതു്. പെട്ടെന്നു് പൊട്ടിത്തെറിക്കുന്ന ഈ സ്വഭാവം ഇദ്ദേഹത്തിന്റെ ആർദ്രതയെ ഒരുതരത്തിലും സ്പർശിക്കയുണ്ടായില്ല. ഈ പാവനാത്മാവിൽ കത്തിജ്വലിച്ചിരുന്ന പരസ്നേഹമായിരിക്കാം അതിനുള്ള ഹേതു.

വിനയം, ദാരിദ്ര്യാപേക്ഷി, ആജ്ഞാനുസരണം എന്നിവയിൽ സഹസന്യാസികൾക്കുള്ള ഏറ്റവും ശ്രേഷ്ഠതമമായ മാതൃകയായിരുന്ന ഈ സന്യാസവര്യൻ. ന്യായപ്രമാണം സാമൂഹ്യജീവിതത്തെ എങ്ങനെ നിഷ്കൃഷ്ടിക്കുന്നുവെന്നു് മനസ്സിലാക്കി കൂട്ടത്തിനുതകുന്ന പ്രവൃത്തികളിൽ വർത്തിക്കുവാൻ ഒരിക്കലും ഉപേക്ഷയോ അജാഗ്രതയോ പ്രദർശിപ്പിക്കാറില്ല. ആശ്രമജീവിതികളെക്കാളും ഒരു സന്യാസിക്കു ഭദ്രമായ അഭയം നൽകുന്നതു സന്യാസസഹോദരങ്ങളുടെ സാന്നിദ്ധ്യമാണെന്നു ശരിക്കു മനസ്സിലാക്കിയാണു് ഇദ്ദേഹം വർത്തിച്ചിരുന്നതു്.

ഇങ്ങനെ സന്യാസോചിതവും അദ്ധ്യാനസംപൂഷ്ടവും, സർവ്വോപരി ബലിപരവുമായ ഈ ജീവിതത്തിന്റെ അവസാനം മുൻ പ്രസ്താവിച്ചിട്ടുള്ളതുപോലെ വെറും സാധാരണ രീതിയിലായിരുന്നുവെന്നു പറയാം. വാർധക്യത്തിലേയ്ക്കു കാലുകുത്തിയപ്പോഴേക്കു ശരീരബ

80835

ലം പ്രതിദിനമെന്നപോലെ കുറഞ്ഞു കുറഞ്ഞാണു വന്നിരുന്നതു്. ആദ്ധ്യാത്മികസേവനങ്ങൾക്കായി ആ മാനവയന്ത്രത്തെ മുന്നോട്ടു തള്ളിയിരുന്നതു് ഭക്തിതീക്ഷ്ണത ഒന്നു മാത്രമാണു്. വയസ്സു 69-ായി. മരണം വിദൂരത്തല്ലെന്നു ഗ്രഹിക്കുവാൻ വിദഗ്ധവൈദ്യാഭിപ്രായം അന്വേഷിക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല. തളർന്നു തളർന്നു ശിഥിലമായ ശരീരഭാവം അതു വ്യക്തമാക്കി. ആകയാൽ അന്ത്യയാത്രയ്ക്കു അത്യധികതാല്പര്യത്തോടെ തയ്യാറായി. എപ്പോഴെങ്കിലും മരണം സംഭവിക്കാം. ആത്മാവാകുന്ന പൈങ്കിളിക്കു ആരും കൂട്ടുറന്നുകൊടുക്കുവാൻ ആവശ്യമില്ല. കാരണം, അതിനെ തടഞ്ഞു നിറുത്തിയിരുന്ന കൂട് ക്ഷയിച്ചു നാമാവശേഷമായിരിക്കയായിരുന്നു.

1922 മേയ് 26—ാംതീയതി വെള്ളിയാഴ്ച അവസാനകുമ്പസാരം അത്യന്തം ഭക്തിജനകമായ വിധത്തിൽ കഴിച്ചു. പ്രതിനിമിഷം ക്ഷീണം വർദ്ധിച്ചുവന്നിരുന്നതിനാൽ അന്നു് രാത്രിതന്നെ ആന്ത്യകൂദാശകളെല്ലാം കൊടുത്തു. നല്ല ഓർമ്മയോടും ഭക്തിയോടുംകൂടെയാണു് അവയെ സ്വീകരിച്ചതു്. മണിക്കൂറുകൾ എണ്ണിയെണ്ണി കടന്നുപോയി. മേരീഭക്തന്മാർ തങ്ങളുടെ അന്ത്യയാത്രാദിനമാകുവാൻ ആഗ്രഹിക്കുന്ന ശനിയാഴ്ച വന്നുദിച്ചു. ദിവ്യകാരുണ്യനാഥൻ ഇഹത്തിൽവെച്ചു അവസാനമായി തന്റെ വിശ്വസ്ഥദാസനെ ആശ്ലേഷിച്ചനുഗ്രഹിച്ചു. ഏറെക്കഴിഞ്ഞില്ല. ആനന്ദത്തുടിപ്പാൻ മുഖകമലം വികസിതമായി. ഈ പാവനചരിതൻ ലോകജീവിതത്തോടു് യാത്രചൊല്ലിപ്പിരിയുകയുംചെയ്തു. ഇങ്ങനെയാണു് ഈ പ്രസിദ്ധ ധ്യാനഗുരു, വേദപ്രചാരസഹിഷ്ണു, മാതൃകാസന്യാസി തന്റെ നിത്യസമ്മാനത്തിനു വിളിക്കപ്പെട്ടതു്.

ഇദ്ദേഹത്തിന്റെ ആത്മാനുകൂലാർത്ഥം നമുക്കു പ്രാർത്ഥിക്കാം.

DHARMARAM COLLEGE LIBRARY
R. I. P. BANGALORE-29

വി: അമ്മത്രേസ്യായുടെ ഒരു ആയുധം.



മനുഷ്യരോടും, പിശാചുക്കളോടും, തന്നോടുതന്നെയും, ചെയ്ത ദീർഘവും കഠോരവുമായ യുദ്ധത്തിൽ, ഈ അമ്മ ജയപ്രാപ്തിയോടെ ഉപയോഗിച്ചുവന്ന ആയുധമായ ഈ മുദ്രാവാചകം, തന്റെ നമസ്കാരപുസ്തകത്തിന്റെ ആദ്യപക്ഷത്തിൽ എഴുതിവെച്ചിരിക്കുന്നതിന്റെ ശരി തർജ്ജമയാകുന്നു.

ഒന്നുകൊണ്ടുമിളകീടവേണ്ട നീ–
യൊന്നിലും കരുതിടേണ്ടഭീതിയും.
മന്നിലുള്ളവ നശിക്കുമേ ദ്രുതം.
നിന്നിടുന്നതൊരു ദൈവമേ വരൂ.

സർവ്വതും ക്ഷമ ജയിച്ചുകൊണ്ടിടും;
ദൈവമുണ്ടു ണ യേകനെങ്കിലോ,
ഭൂവിലെന്തവനു പിന്നെവേണ്ടതും?
ദൈവമാകുമവനേക മാശ്രയം.



St. Joseph's I. S. Press, Elthuruth.
1957

CT Library
00080835
K100 C629

CMI W
K1
BANGA
C6
DHARMARA